# <u>പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി</u>

ബഹു.സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവ് പ്രകാരം വാഹന പരിശോധന നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളും, പെരുമാറ്റരീതികളെയും സംബന്ധിച്ച് എറണാകുളം റൂറൽ ജില്ലയിലെ പോലീസ് ഉദ്യോഗസ്ഥർക്ക് ഇന്ന് പരിശീലനം നൽകി.

റൂറൽ ജില്ലാ പോലീസ് ആസ്ഥാനത്തെ കോൺഫ്രൻസ് ഹാളിൽ സംഘടിപ്പിച്ച പരിശീലന പരിപാടിയിൽ ജില്ലാ പോലീസ് മേധാവി എ.വി.ജോർജ്ജ് ഐ.പി.എസ്, ജില്ലാ നാർക്കോട്ടിക് സെൽ എ.എസ്.പി സുജിത്ത് ദാസ് ഐ.പി.എസ്, എന്നിവർ പരിശീലന ക്ലാസ്സുകൾ നയിച്ചു.

റൂറൽ ജില്ലയിൽ സ്പെഡർ വെഹിക്കിളുകളിൽ ഡ്യൂട്ടി നോക്കുന്ന പോലീസ് ഉദ്യോഗസ്ഥർ, കൺട്രോൾ റൂം വെഹിക്കിളുകളിലെ ഉദ്യോഗസ്ഥർ, ഹൈവേ പട്രോൾ വാഹനങ്ങളിലെ ഉദ്യോഗസ്ഥർ, ജില്ലയിലെ ട്രാഫിക് യൂണിറ്റുകളിലെ ഉദ്യോഗസ്ഥർ, പോലീസ് ഇൻസ്പെക്ടർമാർ, മറ്റ് പോലീസ് ഉദ്യോഗസ്ഥർ എന്നിവർ പരിശീലന ക്ലാസ്സിൽ സംബന്ധിച്ചു.